സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി കണ്ണൂർ ജില്ലയിൽ നിയമിച്ച അദ്ധ്യാപകരുടെ പ്രൊബേഷൻ

478 [519] ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതിയനുസരിച്ച് 1978–ൽ കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെടുകയും തുടർന്നു കാസർകോഡു ജില്ലയിൽപ്പെടുകയും ചെയ്ത എത്ര ഹൈസ്കൂൾ അസിസ്റ്റൻറുമാരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് പ്രൊബേഷൻ കംപ്ലീറ്റുചെയ്തതായി പ്രഖ്യാപിക്കേണ്ടതായുണ്ട്;

(ബി) 14–8–1978–ൽ കാസർകോഡ് ഇരിയണ്ണി ഗവൺമെൻറ് ഹൈസ്കൂളിൽ ഹിന്ദി എച്ച്. എസ്. എ. ആയി നിയമിതയായ ശ്രീമതി പി. തങ്കമ്മയുടെ സർവ്വീസ് റഗുലറൈസ് ചെയ്യാതിരിക്കുന്നതിനും നാളിതുവരെയായി അവരുടെ പ്രൊബേഷൻ കംപ്ലീറ്റുചെയ്തതായി പ്രഖ്യാപിക്കാതിരിക്കുന്നതിനും പ്രത്യേക കാരണം വല്ലതുമുണ്ടോ;

(സി) ഇനിയും കാലതാമസമുണ്ടാകാതെ ഈ അദ്ധ്യാപികയുടെ പ്രൊബേഷൻ കംപ്ലീറ്റ് ചെയ്തതായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) ശ്രീമതി തങ്കമ്മയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതിനുവേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഡയറക്ടർ കാസർകോഡ് ഉപ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ മാത്തമറിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

479 [520] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂളുകളിൽ മാത്തമറിക്സ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള പി.എസ്.സി. റാങ്കു ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്താൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കു നൽകുമോ?

ഉത്തരം

(എ) 8 (എട്ട്)

(ബി) ഒഴിവുകൾ നികത്തുന്നതിനു വേണ്ടി തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ പബ്ലിക് സർവ്വീസ് കമ്മീഷന് എഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly